## കത്തുകൾ

# ആദർശവും സാമുദായികതയും

**1987-ൽ** *മാതൃഭൂമി* ആഴ്ചപ്പതിപ്പ് സംഘടിപ്പിച്ച ആർ.എസ്.എസ്സിന്റെ പ്രസക്തി എന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വി.എ കബീർ അനുസ്മരിക്കുന്ന ഒരു കാര്യമുണ്ട്. ഹിന്ദുമതവുമായി ബന്ധപ്പെട്ട ഏതോ ഒരു ആചാരത്തെ പരാമർശിച്ച് വി.എ കബീർ എഴുതിയ ലേഖനം *പ്രബോധനം* വാരികയിൽ പ്രസിദ്ധീകൃതമായി. സംഗതിവശാൽ അന്നത്തെ എഡിറ്റർ ടി.കെ അബ്ദുല്ല അത് കണ്ടിരുന്നില്ല. ശ്രദ്ധയിൽ പെട്ടയുടനെ ലേഖകനെ വിളിച്ച് വിശദീകരണമാരാഞ്ഞുവത്രെ. തന്റേതായ വാദമുഖങ്ങൾ നിരത്തി അദ്ദേഹം അതിനെ ന്യായീകരിക്കാൻ ശ്രമിച്ചു. നമുക്ക് പ്രതിയോഗികളില്ല പ്രബോധിതരേയുള്ളൂ എന്ന എഡിറ്ററുടെ നിലപാട് വി.എ കബീർ എന്ന എഴുത്തുകാരനെ വിസ്മയിപ്പിക്കുകയായിരുന്നു.

ജമാഅത്തെ ഇസ്‌ലാമി എന്ന ആദർശ ഇസ്‌ലാമിക സംഘടനയെ യാതൊരു തത്ത്വദീക്ഷയുമില്ലാതെ തീവ്രവാദികളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്ത് ഉൾപ്പെടുത്താൻ തത്രപ്പെടുന്നവരുടെ അറിവിലേക്ക് വേണ്ടിയാണ് ഇത്രയും പരാമർശിച്ചത്. രൂപീകൃതമായതിന്റെ ഒന്നാം തീയതി മുതൽ വിധ്വംസക പ്രവർത്തനങ്ങളോടും തീവ്രവാദ രീതികളോടും കടുത്ത എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ള പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതിന്റെ പ്രഖ്യാപിത പരിപാടികളിൽ സുപ്രധാനമാണ് സമൂഹത്തിൽ സമാധാനാന്തരീക്ഷവും മതസൗഹാർദവും നിലനിർത്താനുള്ള പ്രവർത്തനങ്ങൾ. ആഘോഷ വേളകളായ പെരുന്നാളുകളിൽ സഹോദര മതസ്ഥരെ പങ്കെടുപ്പിച്ച് ഈദ് മീറ്റുകൾ സംഘടിപ്പിക്കുക, ഓണക്കാലത്ത് ദാരിദ്ര്യമനുഭവിക്കുന്ന ഹിന്ദുക്കൾക്ക് സൗഹാർദ സമ്മാനമായി ഓണക്കിറ്റുകൾ നൽകുക തുടങ്ങി ജമാഅത്തെ ഇസ്‌ലാമി ആവിഷ്കരിച്ചു നടപ്പാക്കിയ പരിപാടികൾ നിരവധിയാണ്.

ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ പോഷക ഘടകങ്ങളായ സോളിഡാരിറ്റിയും എസ്.ഐ.ഒയും നാട്ടിലെ നിരവധി സാമൂഹിക സാംസ്കാരിക പ്രശ്നങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തുന്നു. മുസ്‌ലിം സമുദായത്തെ മാത്രം ബാധിക്കുന്ന പ്രശ്നങ്ങളല്ല ഇവയൊന്നും. സമൂഹത്തെ മുഴുവൻ ബാധിക്കുന്ന പൊതു പ്രശ്നങ്ങളാണ്. പരിസ്ഥിതി നശീകരണത്തിനെതിരെയുള്ള ബോധവത്കരണം, പ്ലാച്ചിമടയിലെ ജലചൂഷണത്തിനെതിരെ നടന്ന സമരം, കാസർക്കോട്ടെ എൻഡോസൾഫാൻ ദുരിതബാധിതർക്കേർപ്പെടുത്തിയ ദുരിതാശ്വാസം തുടങ്ങിയ മനുഷ്യസ്നേഹപരമായ എത്രയോ ഇടപെടലുകൾ സഹജീവികളോടുള്ള കടമ നിറവേറ്റലായി മാത്രം ഏറ്റെടുത്തതിന്റെ സാക്ഷ്യപത്രമാണ്.

മുസ്‌ലിം സംഘടനാ നേതൃത്വം അനർഹരുടെയും അപക്വമതികളുടെയും കൈകളിലാണ് അകപ്പെട്ടുപോകുന്നത് എന്ന തിരിച്ചറിവ് കൊണ്ടാണെന്നു തോന്നുന്നു ഇ.ടി മുഹമ്മദ് ബഷീർ എം.പി *പ്രബോധനം* അറുപതാം വാർഷികപ്പതിപ്പിൽ ഇങ്ങനെയെഴുതിയത്: "അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. പക്ഷേ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരിക്കെത്തന്നെ ഇസ്‌ലാമിക തത്ത്വത്തിന്റെ പേരിൽ യോജിച്ചു നിൽക്കേണ്ട ആളുകൾ പരസ്പരം വിമർശിക്കുകയും അതിരൂക്ഷമായി ചീത്ത പറയുകയും വളരെ മോശമായ ഭാഷ ഉപയോഗിക്കുന്ന പ്രവണത വളർന്നുവരികയും ചെയ്യുന്നതിനെതിരെ നല്ല മനസ്സുള്ള എല്ലാവരും ചിന്തിക്കണം. പരസ്പരം ചെളിവാരി എറിയേണ്ട സമുദായമല്ല ഇത്. ഞാൻ സന്തോഷപൂർവം ഓർക്കുന്നു. അത്തരമൊരു ദുർവ്യയം, അപകടകരമായ സമീപനം *പ്രബോധനം* വാരിക ചെയ്തിട്ടില്ല എന്ന് എനിക്ക് വിശ്വാസമുണ്ട്."

അന്ത്യകർമങ്ങൾപോലും മത സൗഹാർദത്തിന്റെയും സാംസ്കാരിക വിനിമയത്തിന്റെയും പ്രതീകമായി മാറിയ കമലാ സുറയ്യയുടെ സംസ്കാര ചടങ്ങുകൾ കേരളീയ സമൂഹത്തിന് പുതിയ ഒരനുഭവമായിരുന്നു. അത് വിപ്ലവകരമായ ഒരു സമീപനത്തിന്റെ നേർക്കാഴ്ചയായിരുന്നു. ഇതൊന്നും മനസ്സിലാക്കാനുള്ള വിവേകം ചില മുസ്‌ലിം യുവ നേതാക്കൾക്കില്ല. പൊതുജീവിതത്തിൽ ഇസ്‌ലാമിന് തന്നെ അപകടകരമായ ആരോപണങ്ങളും വിമർശനങ്ങളും ഉന്നയിക്കുന്നതിനു മുമ്പ് ആധികാരികവും വസ്തുനിഷ്ഠവുമാകണമെന്ന സാമാന്യ ബോധമുണ്ടായിരിക്കണമെന്ന ഇ.ടി മുഹമ്മദ് ബഷീറിന്റെ നിർദേശമെങ്കിലും അവർ ഓർമിച്ചിരുന്നെങ്കിൽ!

**മുഹമ്മദ് കുനിങ്ങാട്**

# മഖ്ദൂം തെളിച്ച വഴി

***തുഹ്ഫത്തുൽ മുജാഹിദീൻ*** -സമകാലിക വായന ചിന്താർഹമായി. പൗരാണിക കേരളത്തിന്റെ ശ്രദ്ധേ

യമായ ഒരു യുഗം സാമൂതിരി–മഖ്ദൂം കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്നുള്ള *തുഹ്ഫത്തുൽ മുജാഹിദീ*ന്റെ കണ്ടെത്തൽ അതിന്റെ ആധികാരികതയെയാണ് എടുത്ത് കാട്ടുന്നത്. ചരിത്രകാരനായ അൽബറൂനി ഇന്ത്യയെ പഠനവിധേയമാക്കിയതുപോലെ കർമശാസ്ത്ര പണ്ഡിതൻ കൂടിയായ മഖ്ദൂം അദ്ദേഹത്തിന്റെ അനുഗൃഹീത തൂലിക കൊണ്ട് കേരളത്തെയും വരച്ചു ചേർത്തു. ജിഹാദും ശഹാദത്തും ഇതര മതവിശ്വാസങ്ങൾക്ക് മേലുള്ള ഭീകരാക്രമണമായി പ്രചുര പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് രാജ്യവും സമ്പത്തും ജീവനും കവർച്ച ചെയ്യാൻ വരുന്നവർക്കെതിരെ ഉത്തമ രാഷ്ട്ര പൗരൻ എന്ന നിലക്ക് തോളോട് തോൾ ചേർന്ന് പോരാടലാണ് ജിഹാദെന്നും പിറന്ന മണ്ണിന്റെ നിലനിൽപിന് വേണ്ടി മരിച്ചുവീഴലാണ് ശഹാദത്തെന്നുമുള്ള *തുഹ്ഫ*യുടെ കാഴ്ചപ്പാട് ജീവിതത്തോട് ചേർത്തു വായിക്കപ്പെടേണ്ടതാണ്. ഇന്ത്യൻ മതേതരത്വം പടിഞ്ഞാറുനിന്ന് പകർന്നു കിട്ടിയതാണെന്ന് വാദിക്കുന്നവർ ശുദ്ധ ഭോഷ്ക്കിന്റെ അടിമകളാണ്. ഏത് മഹദ് സംസ്കാരത്തിന്റെയും വളർച്ചയുടെ അടിസ്ഥാനം പരസ്പര വിശ്വാസവും വിട്ടുവീഴ്ചയും മതസൗഹൃദ സംവേദനങ്ങളുമാണെന്ന് തുഹ്ഫയുടെ ചരിത്ര വായന ഓർമപ്പെടുത്തുന്നു. സാമ്രാജ്യത്വ അധിനിവേശങ്ങൾക്കെതിരെ പോരാടുന്ന സാമൂതിരിക്ക് കരുത്ത് പകരാൻ മുസ്‌ലിംകളോട് പ്രാർഥിക്കാനാഹ്വാനം ചെയ്യുന്ന തുഹ്ഫ, മതേതര സങ്കൽപം അടിസ്ഥാനപ്പെടുത്തിയിട്ടുള്ള എഴുത്തു രീതിയോട് മതം സമരസപ്പെടുന്നില്ലെന്ന് വാദിക്കുന്നവർക്കുള്ള താക്കീത് കൂടിയാണ്.

**ഒ. ഷാജി മേലാറ്റൂർ**

## ഈ രോഗത്തിന് മരുന്നില്ലേ?

**രാജ്യത്തെ** തന്ത്രപ്രധാനമായ പല കേന്ദ്രങ്ങളിലും സെക്യൂരിറ്റി വകുപ്പിൽ ജോലി ചെയ്ത രാജശേഖരൻ നായർ കിംഗ്ഫിഷർ വിമാനത്തിൽ ബോംബ് വെച്ചത് സഹപ്രവർത്തകരോടുള്ള വിരോധം കാരണമെന്ന് പറഞ്ഞ് രക്ഷപ്പെടുന്നു!

ചോദ്യപേപ്പറിൽ വിവാദ പരാമർശങ്ങൾ ഉൾപ്പെടുത്തിയതിന്റെ പേരിൽ അറസ്റ്റിലായ തൊടുപുഴ ന്യൂമാൻ കോളേജിലെ പ്രഫ. ടി.ജെ ജോസഫിന്റെ ദൗത്യനിർവഹണം ഒരു തമാശ മാത്രമായി കണ്ട് സഭകളെയും കോളേജിനെയും കുറ്റവിമുക്തരാക്കുന്നു!

കൊച്ചി നഗരത്തിലെ സുപ്രധാന വാണിജ്യ, വ്യവസായ കേന്ദ്രങ്ങളും മറ്റും ബോംബിട്ടു തകർക്കുമെന്ന 'സ്ഫോടന' മുന്നറിയിപ്പ് നടത്തിയ ആറംഗസംഘം പറഞ്ഞതു 'ഞങ്ങൾ കൂട്ടുകാർക്ക് സദുദ്ദേശ്യത്തോടെ ഒരു മുന്നറിയിപ്പ് നൽകിയതാണ്' എന്ന്! ഇവരുടെ പേരുപോലും വെളിപ്പെടുത്താൻ കേരളത്തിലെ ഒരു മീഡിയയും തയാറായില്ല!

സോണിയാ ഗാന്ധിക്ക് വധഭീഷണി അയച്ച കലൂരിലെ ബിരുദ വിദ്യാർഥി അരുൺ സൂര്യയെ മാനസിക രോഗിയാക്കിയപ്പോൾ ലെറ്റർ ബോംബ് കേസിൽ പിടികൂടിയ ബിരുദധാരി രാകേഷ് ശർമയെ അവശ കാമുകനാക്കിയതും ജനം മറന്നിട്ടില്ല.

കേരളത്തിലെ സാമൂഹിക അന്തരീക്ഷം കലുഷിതമാക്കാനും സമാധാനത്തോടെ ജീവിക്കുന്ന സമൂഹങ്ങളിൽ വർഗീയ വേർതിരിവ് സൃഷ്ടിക്കാനും ആസൂത്രിതമായി നടപ്പാക്കുന്ന നികൃഷ്ട ചെയ്തികളുടെ പിന്നിൽ പ്രവർത്തിച്ച കുബുദ്ധികളുടെ പേര് കേൾക്കുമ്പോഴേക്കും ആയുധ കപ്പലിനെ തോണിയാക്കിയും ബോംബും ആർ.ഡി.എക്സും വെടിമരുന്നാക്കിയും പ്രതികളെ രക്ഷപ്പെടുത്തുന്ന മീഡിയ–പോലീസ്–ഫാഷിസ്റ്റ് കൂട്ടുകക്ഷികളുടെ തൊലിക്കട്ടി അപാരംതന്നെ.

കേണൽ പുരോഹിതും സന്യാസിനി പ്രജ്ഞാ സിംഗും പിടിയിലായതോടെ ഇന്ത്യയിൽ ഇടക്കിടെ നടന്നിരുന്ന സ്ഫോടനങ്ങൾക്ക് അറുതി വന്ന പോലെ സി.ഐ.എസ്.എഫ്, ഐ.എസ്.ആർ.ഒ, നാഷ്നൽ പോലീസ് അക്കാദമി, ഫാക്റ്റ് തുടങ്ങിയ കേന്ദ്രങ്ങളിൽ നീണ്ട വർഷങ്ങൾ ജോലിചെയ്ത രാജശേഖരൻ നായരെയും തൊടുപുഴയിലും ചുങ്കപ്പാറയിലും മതനിന്ദ നടത്തിയ മാന്യന്മാരെയും, ബോംബ് ഭീഷണി നടത്തി ജനങ്ങളെയും നേതാക്കളെയും കഷ്ടപ്പെടുത്തിയ മനോരോഗികളെയും, അപസർപ്പക കഥകളുമായി രംഗത്തുവരുന്ന കൂലി എഴുത്തുകാരെയുമൊക്കെ ചോദ്യം ചെയ്താൽ തന്നെ ആഭ്യന്തര വകുപ്പിനെയും സുരക്ഷാ ഉദ്യോഗസ്ഥരെയും വട്ടം കറക്കുന്നത് തടയാൻ ഒരു പരിധിവരെ സാധിക്കും. പക്ഷേ, ഈ രോഗികളെ പിടിക്കാനും ചികിത്സിക്കാനും ആർക്കാണ് ധൈര്യം?

**അൻവർ വടങ്ങാക്കര, ജിദ്ദ**

## 'ദറജ' നോക്കുന്നവർക്ക് വേണ്ടത്

**ലക്കം** 39–ലെ സൈനബ് ഷാർജയുടെ 'സ്ത്രീധനം മുഖ്യ ചർച്ചാ വിഷയമാവട്ടെ' എന്ന പ്രതികരണമാണ് ഈ കുറിപ്പിനാധാരം.

'സ്ത്രീധന' വിഷയം പൊതുസമൂഹത്തിലെന്നല്ല, ഇസ്‌ലാമിക പ്രവർത്തകരുടെ ഇടയിൽ പോലും ഇപ്പോൾ കാര്യമായി ചർച്ച ചെയ്യപ്പെടുന്നില്ല. ഇടക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെടുകയും അതിന്റെ

ഗുണഫലം ഏറെക്കുറെ സമുദായത്തിന് ലഭിക്കുകയും ചെയ്തിരുന്നു. ഒരു സ്ത്രീധന വിരുദ്ധ കാമ്പയിൻ കൂടി നടത്താൻ സമയമായിരിക്കുന്നു.

ഇന്ന് പലരും തറവാടിന് ചേർന്ന ബന്ധമാണ് അന്വേഷിച്ചു നടക്കുന്നത്. 'തറവാട്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, കുലീനതയോ ദീനോ ഒന്നുമല്ല, സമ്പത്ത് മാത്രമാണ്. അതിനും 'സ്ത്രീധന രഹിത വിവാഹം' എന്നാണ് പേര്! തന്റെ കുടുംബത്തിന്റെ ദറജക്ക് ഒത്ത കുടുംബത്തിൽനിന്നാവണം മകന് പെണ്ണ് എന്ന് മാതാപിതാക്കളും തീരുമാനിക്കുന്നു. ഈ ദറജ ഉള്ള തറവാടാണെങ്കിലേ മകന് ചോദിക്കാതെ തന്നെ 'വേണ്ടത്' ലഭിക്കൂ. മകന് ആവശ്യമില്ലെങ്കിലും മാതാപിതാക്കൾക്ക് കിട്ടിയേ പറ്റൂ. ഇനി ഇക്കാര്യത്തിൽ മകൻ സ്വന്തം നിലപാടെടുത്താൽ മരണം വരെ അതുമതി വീട്ടിൽ അസ്വസ്ഥതയുണ്ടാവാൻ. തറവാട് നോക്കാതെ വിവാഹമന്വേഷിക്കുന്നവർ സമൂഹത്തിൽ വിരളമാവുകയാണ്. സമ്പത്തുള്ള തറവാടിന് പകരം കുലനീതയുള്ള തറവാട് അന്വേഷിക്കാൻ യുവാക്കൾ വിശിഷ്യാ ഇസ്‌ലാമിക പ്രവർത്തകർ മുന്നോട്ടുവരണം. എങ്കിൽ തീർച്ചയായും അതിന്റെ മാറ്റം സമുദായത്തിൽ മൊത്തം ഉണ്ടാവും.

**അബൂ മർയം പുന്നയൂർക്കുളം**

# പേരുകൾ മാറ്റേണ്ടിവരുമോ?

**വിഖ്യാത** ചിത്രകാരൻ എം.എഫ് ഹുസൈൻ ഇന്ത്യക്കാരനല്ലാതായിരിക്കുന്നത് അദ്ദേഹത്തിന്റെ ഭാഷയിൽ, ആവിഷ്കാര സ്വാതന്ത്ര്യ നിഷേധത്തിന്റെ ഇരയായതുകൊണ്ടാണ്. അതേ മതേതര ഇന്ത്യയിൽ തന്നെ സൽമാൻ റുശ്ദിയും തസ്‌ലീമ നസ്‌റിനും തുടങ്ങി പ്രഫ. ടി.ജെ ജോസഫ് വരെ ആവിഷ്കാര സ്വാതന്ത്ര്യം അനുഭവിക്കുന്നു. ഒരാൾക്കും അതിന്റെ പേരിൽ നാടുവിട്ടു പോകേണ്ടിവന്നിട്ടില്ല; വരികയുമില്ല. അതാണ് മതേതര ഭാരതം. പേര് മുസ്‌ലിമിന്റേതല്ലെങ്കിൽ അവന് കിംഗ് ഫിഷർ വിമാനത്തിലും ബോംബ് വെക്കാം, അജാസിനെ കൊന്നു കുഴിച്ചു മൂടാം, വഴിതടയാം, ബസ് കത്തിക്കാം, ഒളിവിൽ പോയ പ്രഫസർക്ക് ഒളിതാവളവും നൽകാം, കറന്റില്ലാത്തതുകൊണ്ട് വാർത്തയറിഞ്ഞില്ല എന്നു പറയാം. മുസ്‌ലിം പേരുള്ളവനാണെങ്കിലോ? ബസ് കത്തിച്ചവൻ ഫോൺ ചെയ്ത വീട്ടുകാരുടെ മൂന്ന് തലമുറ മുഖവും മൂടി പോലീസ് സ്റ്റേഷനും കോടതിയും കയറി നിരങ്ങേണ്ടിവരും, ജീവിതകാലം മുഴുവൻ. പേരിൽ സാമ്യമുള്ളവനെ സംശയിക്കാം, വിമാനത്തിൽ നിന്ന് ഇറക്കിവിടാം, ഉള്ള ജോലി നഷ്ടപ്പെടുത്താം, എയർപോർട്ടിൽ തുണിയുരിഞ്ഞു നോക്കാം. ഇതിൽനിന്നും രക്ഷപ്പെടാൻ ഒരു വഴിയേയുള്ളൂ. മോഡിയെന്നോ ബച്ചനെന്നോ പേര് മാറ്റുക!

**സലീം നൂർ ഒരുമനയൂർ**

# ആ ബാലന്റെ സുകൃതം

**ഇസ്‌ലാമിനെ** ശരിയാംവണ്ണം പഠിച്ചറിഞ്ഞ് ഒരുപാട് ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും രചിക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്യുന്ന ചിലർ സ്വന്തം ജീവിതത്തിൽ അത് സ്വീകരിക്കാനറച്ചു നിൽക്കുന്നതിലെ പൊരുത്തക്കേട് പലപ്പോഴും മനസ്സിനെ പൊറുതിമുട്ടിക്കാറുണ്ടായിരുന്നു. അതിന് ശമനം തരുന്നതായിരുന്നു 42-ാ ലക്കത്തിലെ ഇദ്‌രീസ് തൗഫീഖുമായുള്ള അഭിമുഖം.

അദ്ദേഹത്തെ ഇസ്‌ലാമിന്റെ സരണിയിലെത്തിച്ച ഷൂ പോളിഷ് ചെയ്യുന്ന പയ്യന്റെ സലാമും ഹംദും മശ്‌രിഖ് മഗ്‌രിബോളം വലുപ്പമുള്ള ഒന്നാണെന്ന് തോന്നുന്നു.

**മമ്മൂട്ടി കവിയൂർ**

# സലഫി സെക്യുലറിസ്റ്റ്

**കേരളത്തിലെ** മുജാഹിദുകൾക്ക്, ആഗോള സലഫിസവുമായി ബന്ധമില്ലെന്നും അവർ തീവ്ര സലഫികളുടെ കാഴ്ചപ്പാട് പിന്തുടരുന്നവരെല്ലെന്നും എം.എൻ കാരശ്ശേരി സമർഥിക്കാൻ ശ്രമിക്കുമ്പോൾ അതിലടങ്ങിയ കുശാഗ്ര ബുദ്ധി തിരിച്ചറിയേണ്ടതുണ്ട്. നാളിതുവരെ അൽട്രാ സെക്യുലരിസ്റ്റുകളും മറ്റ് അവിയൽ മുന്നണികളും ഇസ്‌ലാമിക പ്രസ്ഥാനത്തെ വേട്ടയാടിയപ്പോൾ വളരെ മാന്യവും പക്വതയോടും കൂടിയുമാണ് ഇസ്‌ലാമിക പ്രസ്ഥാനം ദുരാരോപണങ്ങളെ നേരിട്ടത്. കാരശ്ശേരി ദുരുദ്ദേശ്യത്തോടെ സലഫി ചിന്താധാരയെ വിഭജിച്ച്, മുഹമ്മദ്ബ്നു അബ്ദുൽ വഹാബ്, ഇബ്നു തൈമിയ്യ തുടങ്ങിയ സലഫി പ്രതിഭകളെയും ചിന്താധാരകളെയും തീവ്രതയുടെ ലേബലൊട്ടിച്ച് പടിക്ക് പുറത്ത് നിർത്തി, കേരളത്തിലെ മുജാഹിദുകളെ തലോടുന്നു. ഇസ്‌ലാമിക പ്രസ്ഥാനം ഇതിനെ പ്രതിരോധിക്കുമെന്നും ആഗോള സലഫി ചിന്താധാരയെ അതിന്റെ തനത് സ്വഭാവത്തിൽ പരിചയപ്പെടുത്തുമെന്നും, അതുവഴി പൊതുസമൂഹത്തിൽ ഇസ്‌ലാമിന്റെ ക്രിയാത്മകമായ എല്ലാ ചിന്താധാരകളും ഒരേ തീവ്ര ബിന്ദുവിൽ ഒന്നിക്കുന്നുവെന്ന മിഥ്യാധാരണ സൃഷ്ടിച്ചെടുത്ത് കുളം കലക്കി മീൻ പിടിക്കാമെന്നും ഇതുവഴി കാരശ്ശേരിയും കൂട്ടരും കരുതുന്നുണ്ടാവണം.

സലഫി ചിന്തകളാണ് ആഗോള തീവ്രതയുടെ പ്രഭവ കേന്ദ്രമെന്ന് രാംജത് മലാനി പറഞ്ഞപ്പോഴും,

ഇത്തരത്തിലുള്ള കാഴ്ചപ്പാട് മാധ്യമങ്ങളിൽ വരുമ്പോഴും ജമാഅത്ത് നിരോധത്തിന് വേണ്ടി ഖാദിയാനികളുമായി കൂട്ടുചേരുമ്പോഴും, ഒരു പ്രതിരോധവും പ്രതികരണവുമില്ലാതെ മൗനത്തിന്റെ മഹാവാൽമീകത്തിൽ ഒളിക്കുന്നത് പരിതാപകരം തന്നെ. ഹമീദിന് ഇസ്‌ലാമിക പ്രസ്ഥാനത്തെ വിമർശിക്കാൻ വേദി നൽകിയവർക്ക്, അദ്ദേഹം ഇസ്‌ലാമിക സംസ്കാരത്തിനെതിരെ കടുത്ത വിദ്വേഷം പ്രകടമാക്കിയപ്പോൾ (അറേബ്യയോട്എന്തിനീ വിധേയത്വം, *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2010 മാർച്ച്) എന്ത് മറുപടിയാണ് നൽകാനുള്ളത്. അറബി ഭാഷയോടും സംസ്കാരത്തോടും ഇത്ര വിദ്വേഷം ഉണ്ടെങ്കിൽ, ഹമീദ് എന്ന പേര് മാറ്റി ഭാരതീയ സംസ്കാരത്തോട് യോജിച്ച ഏതെങ്കിലും ഒരു പേര് സ്വീകരിച്ചുകൂടെ?

**വി. ഹശ്ഹാശ് കണ്ണൂർ സിറ്റി**

# ഇതോ പ്രവാചക മാതൃക!

**26.3.2010ന്** തൊടുപുഴ വഴി യാത്ര ചെയ്യുമ്പോൾ ഒരു സംഘം ആളുകൾ പച്ച ബാനറുമായി പ്രകടനം നടത്തുന്നത് കണ്ടു. കാർ നിർത്തേണ്ടിവന്നു. താടിയും തൊപ്പിയുമുള്ള ഒരു സംഘമാളുകൾ കാറ് വളഞ്ഞു. കാറിൽ ശക്തിയായി അടിക്കുകയും കടലാസ് പൊതികളിൽ കരുതിവെച്ച ആയുധങ്ങൾ കൊണ്ട് കാറിന്റെ മുകൾ ഭാഗത്ത് കുത്തുകയും ചെയ്യാൻ തുടങ്ങി. കാറിനു കേടുപാടുകൾ സംഭവിച്ചു. ഒരാൾ ബലമായി കാർ തുറന്ന് എന്നെയും ഇസ്‌ലാമിക വേഷം ധരിച്ച ഭാര്യയെയും ശകാരിച്ചു. നബി(സ) പഠിപ്പിച്ചത് ഇതാണോ എന്ന ചോദ്യത്തിന് അസഭ്യവർഷവും ഭീഷണികളുമായിരുന്നു മറുപടി.

വഴിയിലെ തടസ്സങ്ങൾ മാറ്റാനും യുദ്ധത്തിൽ പോലും സ്ത്രീകളെയും വൃദ്ധരെയും, വൃക്ഷങ്ങളെ പോലും വെറുതെ വിടാനും പഠിപ്പിച്ച പ്രവാചകന്റെ അനുയായികൾ ഇത്തരത്തിൽ പെരുമാറുന്നത് കണ്ട് സങ്കടത്തേക്കാൾ ഞങ്ങൾക്ക് ലജ്ജയാണ് തോന്നിയത്. ഒരു മൂഢൻ ദുഷിച്ചെഴുതിയാൽ കുറയുന്നതാണോ പ്രവാചകന്റെ മാഹാത്മ്യം? തന്നെ ശാരീരികമായി പീഡിപ്പിച്ചവരെ പോലും ശപിക്കുന്നതിൽനിന്നൊഴിഞ്ഞു മാറി, തന്നെ അയച്ചിരിക്കുന്നത് ആളുകളെ ദുഷിപ്പിക്കാനല്ല, നന്നാക്കാനാണെന്ന് പറഞ്ഞ പ്രവാചക ശ്രേഷ്ഠന്റെ അനുയായികൾ വഴി തടഞ്ഞും വാഹനങ്ങൾ നശിപ്പിച്ചും യാത്രക്കാരെ അപമാനിച്ചും നടത്തുന്ന ഇത്തരം പ്രതിഷേധങ്ങളുടെ ഫലമെന്താണ്? നമ്മെ കൊണ്ട് ഇങ്ങനെയൊക്കെ ചെയ്യിക്കാനുള്ള തൽപര കക്ഷികളുടെ ശ്രമങ്ങൾ വിജയിപ്പിച്ചുകൊടുക്കരുത്.

**ഡോ. എം. ഹനീഫ്**
**കോട്ടയം**

# അത്ഭുതപ്പെടുത്തിയ ലേഖനം

**2010** മാർച്ച് 13–ന്റെ ലക്കം വായിക്കാൻ ഇടയായി. അതിൽ 'വരുണനും ഋതുവും'എന്ന ലേഖനം വളരെ ആകർഷകമായി തോന്നി. ഇതിൽ ലേഖകൻ ഹിന്ദുമതത്തിന്റെ സത്തയെക്കുറിച്ചും അതിന്റെ സാരാംശവും മറ്റും വ്യക്തമായി അപഗ്രഥിച്ചു കണ്ടു. ഒരു അഹിന്ദുവായിട്ടും ലേഖകന് ഇത്തരം കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിഞ്ഞു എന്നത് അത്ഭുതമുണ്ടാക്കുന്നു.

**സജീന്ദ്രൻ കരുളായി**

# ചുരുക്കെഴുത്ത്

***പ്രബോധനം*** ലക്കം 37–ൽ 'മുഹമ്മദ് നബി അവരുടെ നോട്ടത്തിൽ' അവതരിപ്പിച്ചവരെ പരിചയപ്പെടുത്തുന്ന ഒരു കുറിപ്പുകൂടി കൂടെ ചേർക്കേണ്ടതായിരുന്നു. വായനക്കാർക്ക് കൂടുതൽ താൽപര്യം പകരാൻ അത് സഹായിച്ചേനെ.

**എ.ആർ ചെറിയമുണ്ടം**